പതിമൂന്നാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 50** 29-06-2015 ൽ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.ബി.ഡി. ദേവസ്സി | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ; | (എ) ഉണ്ട്. ഈ സർക്കാരിന്റെ ആരംഭം മുതൽ തന്നെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്. |
| (ബി) സംസ്ഥാന സർക്കാരിന്റെ പൊതുമേഖലയോടുള്ള സമീപനത്തിലെ ഉദാസീനതയാണ് തകർച്ചക്കു കാരണമെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ; | (ബി) പൊതുമേഖലാ സ്ഥാപനങ്ങളെ പൊതു മേഖലയിൽ തന്നെ നിലനിർത്തി സംരക്ഷിക്കുന്നതിനുള്ള നയസമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ആഗോളതലത്തിലുണ്ടായിട്ടുള്ള വ്യവസായമാന്ദ്യവും അനാരോഗ്യകരമായ ഇറക്കുമതിയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെങ്കിലും പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ നാല് വർഷമായി നടത്തിയിട്ടുള്ളത്. വ്യവസായവകുപ്പിന്റെ അധീനതയിലുള്ള ഉൽപ്പാദന, ക്ഷേമ, വികസന മേഖലയിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും വികസനപ്രവർത്തനങ്ങൾക്ക് ധനസഹായം ഉൾപ്പെടെയുള്ള എല്ലാ സഹായങ്ങളും |

സർക്കാർ നൽകി വരുന്നു. ഓരോ സ്ഥാപനത്തിൻെറയും പ്രവർത്തനം വിശദമായി പരിശോധിച്ച് പ്രധാനമായും ഉൽപ്പാദന സൗകര്യങ്ങളുടെ വിപുലീകരണം, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപണന മേഖലയുടെ വിപുലീകരണം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള നടപടികളാണ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്നത്.

(സി) മുൻ സർക്കാരിന്റെ കാലത്ത് പൊതുമേഖലാസ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(സി) ഉണ്ട്. കഴിഞ്ഞ സർക്കാർ നടത്തിവന്ന പ്രവർത്തനങ്ങളുടെ തുടർച്ചയായ പ്രവർത്തനങ്ങളാണ് ഈ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്. ഇതിൻെറ അടിസ്ഥാനത്തിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി ലാഭകരമാക്കുന്നതിൻെറ ഭാഗമായി അവയുടെ നഷ്ടത്തിൻെറ അടിസ്ഥാനപ്രശ്നം പരിഹരിക്കുന്നതിനുള്ള ദീർഘ/ഹ്രസ്വ കാല പദ്ധതികൾ സർക്കാരിൻെറ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 718.50 കോടി രൂപ ഇത്തരത്തിൽ വിവിധ പദ്ധതികൾക്കായി സർക്കാർ ഇതിനകം തന്നെ പൊതുമേഖലാസ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടാതെ തന്നെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തത്തക്കവിധത്തിലുള്ള പ്രവർത്തന നിരീക്ഷണ സംവിധാനമാണ് ഇപ്പോൾ സർക്കാർ സ്വീകരിച്ചുവരുന്നത്. ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി കൂടുതൽ ഉൽപാദനവും, വിറ്റുവരവും നേടുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്.

സെക്ഷൻ ഓഫീസർ